കേരള സർവകലാശാല

നം. പി.ആർ.088/2017 ഫോൺ : 2305738

## പത്രക്കുറിപ്പ്

### മാറ്റിവച്ച പരീക്ഷകളുടെ പുനക്രമീകരിച്ച തീയതികൾ

കേരള സർവകലാശാല ഏപ്രിൽ ആറിന് നടത്താനിരുന്ന ഒന്നാം സെമസ്റ്റർ എം.ബി.എ (2014 സ്കീം - ഫുൾ ടൈം/പാർട്ട് ടൈം/യു.ഐ.എം) ഡിഗ്രി പരീക്ഷ ഏപ്രിൽ 25-ന് രാവിലെ 9.30 മണി മുതൽ 12.30 മണി വരെയും, ഏഴാം സെമസ്റ്റർ ബി.ടെക് (2008 സ്കീം) ഡിഗ്രി പരീക്ഷ ഏപ്രിൽ 28-ന് ഉച്ചയ്ക്ക് 2.00 മണി മുതൽ 5.00 മണി വരെയും നടക്കും. പരീക്ഷകേന്ദ്രങ്ങളിൽ മാറ്റമില്ല.
(കേരളത്തിലെ എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന്)

### എം.എ.എച്ച്.ആർ.എം, എം.എസ്.ഡബ്ല്യു പ്രവേശന പരീക്ഷ

കേരള സർവകലാശാല ശ്രീകാര്യം ലയോള കോളേജ് ഫോർ സോഷ്യൽ സയൻസസിൽ നടത്തുന്ന എം.എ.എച്ച്.ആർ.എം, എം.എസ്.ഡബ്ല്യു കോഴ്സുകളുടെ 2017-18 അദ്ധ്യയന വർഷത്തേക്കുള്ള പ്രവേശന പരീക്ഷ യ്ക്കുള്ള അപേക്ഷാഫോം മെയ് രണ്ട് മുതൽ ജൂൺ അഞ്ച് വരെ കോളേജ് ഓഫീസിൽ നിന്നും ലഭിക്കും. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ജൂൺ അഞ്ച്. പ്രവേശന പരീക്ഷ ജൂൺ 19-ന് നടക്കും. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### പരീക്ഷാഫലം വെബ്സൈറ്റിൽ

കേരള സർവകലാശാല 2016 ആഗസ്റ്റിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.എ മലയാളം, ഹിന്ദി, പബ്ലിക് അഡ്മിനിസ്ട്രേഷൻ, എം.എം.സി.ജെ, എം.എസ്സി സ്റ്റാറ്റിസ്റ്റിക്സ്, സൈക്കോളജി, ബോട്ടണി, പോളിമെർ കെമിസ്ട്രി, എം.എ.എച്ച്.ആർ.എം പരീക്ഷാഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### എം.ഫിൽ സ്കോളർഷിപ്പ് താൽക്കാലികലിസ്റ്റ് പ്രസിദ്ധീകരിച്ചു

2016-17 വർഷത്തിലെ യൂണിവേഴ്സിറ്റി എം.ഫിൽ സ്കോളർഷിപ്പിന് വേണ്ടി യുള്ള വിദ്യാർത്ഥികളുടെ താൽക്കാലിക ലിസ്റ്റ് സർവകലാശാല വെബ്സൈറ്റിൽ (www.keralauniversity.ac.in) പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഏതെങ്കിലും വിധത്തിലുള്ള പരാതികളുള്ളവർ മെയ് രണ്ടിനകം പ്രിൻസിപ്പൽ മുഖാന്തരം സർവകലാശാലയിൽ അറിയിക്കേണ്ടതാണ്. മെയ് രണ്ടിന് ശേഷം ലഭിക്കുന്ന പരാതികൾ പരിഗണിക്കുന്നതല്ല.

### ബി.എസ്സി സ്റ്റാറ്റിസ്റ്റിക്സ് പ്രാക്ടിക്കൽ പരീക്ഷ

കേരള സർവകലാശാല നടത്തുന്ന ആറാം സെമസ്റ്റർ സി.ബി.സി.എസ് ബി.എസ്സി സ്റ്റാറ്റിസ്റ്റിക്സ് ടൈംടേബിൾ പ്രകാരം മെയ് രണ്ട്, നാല് തീയതികളിൽ നടത്തുന്ന സ്റ്റാറ്റിസ്റ്റിക്സ് പ്രാക്ടിക്കൽ പരീക്ഷ 2013 അഡ്മിഷൻ വിദ്യാർത്ഥികൾക്ക് മാത്രമുള്ളതാണ്.

## പരീക്ഷ തീയതി മാറ്റം

കേരള സർവകലാശാല ഏപ്രിൽ 24-ന് നടത്താനിരുന്ന ആറാം സെമസ്റ്റർ ബി.എ, ബി.എസ്സി, ബി.കോം സി.ബി.സി.എസ് & കരിയർ റിലേറ്റഡ് ബി.കോം പരീക്ഷകൾ മെയ് മൂന്നിന് നടക്കും. മറ്റുപരീക്ഷകൾക്ക് മാറ്റമില്ല.

## ബി.സി.എ പ്രൊജക്ട് & വൈവ പ്രായോഗിക പരീക്ഷകൾ

കേരള സർവകലാശാല ഏപ്രിലിൽ ആരംഭിച്ച ആറാം സെമസ്റ്റർ ബി.സി.എ (കരിയർ റിലേറ്റഡ്) ഡിഗ്രി കോഴ്സിന്റെ (2014 അഡ്മിഷൻ റെഗുലർ & 2013 അഡ്മിഷൻ സപ്ലിമെന്ററി) പ്രായോഗിക പരീക്ഷകൾ മെയ് 16, 17, 18 തീയതികളിലും പ്രൊജക്ട് & വൈവ പരീക്ഷകൾ മെയ് 19, 22, 23 തീയതികളിലും നടക്കും. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.എസ്സി സൂക്ഷ്മപരിശോധന

കേരള സർവകലാശാല 2016 ജൂണിൽ നടത്തിയ നാലാം സെമസ്റ്റർ ബി.എസ്സി പരീക്ഷയുടെ സൂക്ഷ്മപരിശോധനയ്ക്ക് ഓൺലൈനായും ഓഫ്ലൈനായും അപേക്ഷിച്ചവർ ഹാൾടിക്കറ്റും തിരിച്ചറിയൽ രേഖയുമായി മെയ് രണ്ട് മുതൽ മെയ് 12 വരെയുള്ള പ്രവൃത്തി ദിനങ്ങളിൽ വൈകുന്നേരം മൂന്ന് മണിമുതൽ അഞ്ച് വരെയുള്ള സമയങ്ങളിൽ ഇ.ജെ II സെക്ഷനിൽ ഹാജരാകണം.

## സപ്ലിമെന്ററി പരീക്ഷ കേന്ദ്രം

ട്രാവൻകൂർ എഞ്ചിനീയറിംഗ് കോളേജിൽ നിന്ന് പഠനം പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്ക് ഇനി ഒരു അറിയിപ്പ് ഉണ്ടാകുന്നത് വരെ സപ്ലിമെന്ററി പരീക്ഷകൾക്ക് വടക്കേവിള യൂനുസ് കോളേജ് ഓഫ് എഞ്ചിനീയറിംഗ് പരീക്ഷാകേന്ദ്രമായിരിക്കും. ഹാൾ ടിക്കറ്റുകൾ മതിയായ രേഖകൾ സമർപ്പിച്ച് വടക്കേവിള യൂനുസ് കോളേജ് ഓഫ് എഞ്ചിനീയറിംഗിൽ നിന്ന് കൈപറ്റേണ്ടതാണ്.

## ബി.വോക് പ്രെജക്റ്റ് വൈവ

കേരള സർവകലാശാല ഏപ്രിൽ 19-ന് ആരംഭിച്ച ആറാം സെമസ്റ്റർ ബി.വോക് ഡിഗ്രി പ്രോഗ്രാം ഇൻ ടൂറിസം & ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് (2014 അഡ്മിഷൻ) പരീക്ഷയുടെ പ്രെജക്റ്റ് വൈവ മെയ് എട്ട്, ഒൻപത് തീയതികളിൽ നടക്കും. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## കരിയർ റിലേറ്റഡ് സി.ബി.സി.എസ്.എസ് പരീക്ഷകൾ

കേരള സർവകലാശാല 2010 (മേഴ്സി ചാൻസ്), 2011, 2012 (സപ്ലിമെന്ററി) ബി.എ, ബി.എസ്സി, ബി.കോം, ബി.ബി.എ, ബി.സി.എ, ബി.പി.എ (കരിയർ റിലേറ്റഡ് സി.ബി.സി.എസ്.എസ്) മൂന്നാം സെമസ്റ്റർ പരീക്ഷ മെയ് 16-നും അഞ്ചാം സെമസ്റ്റർ പരീക്ഷ മെയ് ഒൻപതിനും ആറാം സെമസ്റ്റർ പരീക്ഷ മെയ് 30-നും ആരംഭിക്കും.

തിരുവനന്തപുരം.
22.04.2017

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098